ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയമേഖലയിൽ 55 എഞ്ചിനീയറിംഗ് കോളേജുകൾ, 6 മെഡിക്കൽ കോളേജുകൾ, 14 ഫാർമസി കോളേജുകൾ, 15 എം. ബി. എ. കോളേജുകൾ, 29 എം. സി. എ. കോളേജുകൾ, 2 ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ, പാരാ മെഡിക്കൽ വിഭാഗത്തിൽ 11 കോളേജുകൾ, 10 ബി.എഡ്. കോളേജുകൾ, 79 ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു ലോ കോളേജ്, എന്നിവ അനുവദിച്ചിട്ടുണ്ട്. പോളിടെക്നിക്കുകൾ ഒന്നും അനുവദിച്ചിട്ടില്ല. നഴ്സിംഗ് കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രവർത്തനം ആരംഭിച്ച ശേഷം ഒരു എഞ്ചിനീയറിംഗ് കോളേജ് നിർത്തിവച്ചിട്ടുണ്ട്.

(സി) കോട്ടയം ജില്ലയിലെ കോടിമത എന്ന സ്ഥലത്തുള്ള മാർഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്ന പേരിലുള്ള എഞ്ചിനീയറിംഗ് കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാലും കോളേജിന് സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്തതിനാലും 2003-ൽ നിർത്തലാക്കി.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാശ്രയ സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

143 [762] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ /സ്വകാര്യമേഖലയിൽ അനുവദിച്ച മെഡിക്കൽ, പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും ബി.എഡ്., ടി.ടി.സി. സ്ഥാപനങ്ങളുടെയും പേരു വിവരവും അവ ഏതേത് മാനേജ്മെന്റിന്റെ കീഴിലാണെന്നും ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ /സ്വകാര്യമേഖലയിൽ അനുവദിച്ച മെഡിക്കൽ, പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും, ടി.ടി.സി. സ്ഥാപനങ്ങളുടെയും വിശദാംശം അനുബന്ധം I-VI ആയി ചേർക്കുന്നു. ബി.എഡ്. സ്ഥാപനങ്ങളുടെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly